# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1207** — **03.12.2018-** ൽ മറുപടിക്ക്

**ഒറ്റപ്പാലം ബൈപ്പാസ്**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.ഉണ്ണി** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഒറ്റപ്പാലത്ത് ബൈപ്പാസ് നിർമ്മിക്കുന്നതിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഒറ്റപ്പാലം ബൈപ്പാസിനു വേണ്ടി റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അതിൻപ്രകാരം 15 മീറ്റർ വീതിയും 1.814 കി.മി നീളവുമുള്ള ബൈപ്പാസ് ലക്ഷ്മി തീയേറ്റർ ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് പാലക്കാട് - പൊന്നാനി റോഡിലുള്ള ഈസ്റ്റ് ഒറ്റപ്പാലം ജംഗ്ഷനിൽ അവസാനിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) പ്രസ്തുത ബൈപ്പാസിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (ബി) | 03.05.2018-ലെ സ.ഉ(സാധാ)നം.792/2018/പൊ.മ.വ പ്രകാരം 79.42 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) ഒറ്റപ്പാലത്ത് ബൈപ്പാസ് നിർമ്മിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികളും അതിന്റെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ? | (സി) | റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ ഒറ്റപ്പാലം ബൈപ്പാസിന്റെ വിശദമായ പദ്ധതിരേഖ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ചു. ഭൂമി.ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർ നിയമിച്ചിട്ടുള്ള സ്പെഷ്യൽ തഹസിൽദാർ (എൽ.എ) 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അതിർത്തി നിർണ്ണയ കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ